## കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

നമ്പർ : ഇ3/6435/15 തിയതി : 14.09.15

### സർക്കുലർ നമ്പർ :- 14/201516

വിഷയം:- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ വിവിധ ജില്ലാ കമ്മിറ്റി/സബ് ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരുടെ വേതനം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 4/10/14ലെ 430-ാംമത് ബോർഡ് യോഗത്തിന്റെ 13-ാം നമ്പർ തീരുമാനം

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങളിൽ ജോലി ചെയ്തു വരുന്ന കാഷ്വൽ സ്വീപ്പർമാരുടെ വേതനം 4/10/14ലെ 430-ാംമത് ബോർഡ് യോഗത്തിന്റെ 13-ാം നമ്പർ തീരുമാന പ്രകാരം 100 മീറ്റർ സ്ക്വയറിനു വരെ സ്വീപ്പിംഗ് ഏരിയയുള്ള ഓഫീസുകളിൽ പ്രതിമാസം പരമാവധി 1200/- രൂപയും 100 മീറ്റർ സ്ക്വയറിനു മുകളിൽ സ്വീപ്പിംഗ് ഏരിയയുള്ള ഓഫീസുകളിൽ പ്രതിമാസം 1500/- രൂപ വരെയും അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആയതിനാൽ ബോർഡിന്റെ വിവിധ ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങളിലെ കാഷ്വൽ സ്വീപ്പർമാരുടെ വേതനം മേൽ ബോർഡ് തീരുമാനത്തിനനുസൃതമായി വർദ്ധിപ്പിച്ചു നൽകാവുന്നതാണ്. ഈ സർക്കുലർ ഉത്തരവിന് 01-09-15 മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്

എല്ലാ കമ്മിറ്റി ചെയർമാൻമാർക്കും

പകർപ്പ്:

സെക്രട്ടറി, എല്ലാ അക്കൗണ്ട്സ് ഓഫീസർമാർ, സൂപ്രണ്ട്മാർ,
സി.എ. ടു സി.ഇ./ സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്